ഉത്തരം

(എ-സി) വിശദവിവരം ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്	കമ്മീഷൻ ചെയ്ത തീയതി	സ്ഥാപിത ശേഷി (മെഗാവാട്ട്)	പ്രവർത്തന ശേഷി മില്യൺ യൂണിറ്റ്	പണി ആരംഭിച്ച വർഷം
1. പെരിങ്ങൽകുത്ത് ഇടതുകര	20-3-1999	16	74	1992
2. ലോവർ പെരിയാർ	28-11-1997	180	493	1983-84
3. മാട്ടുപ്പെട്ടി	16-1-1998	2	6.4	1986
4. കക്കാട്	14-10-1999	50	262	1980
5. പേപ്പാറ	15-6-1996	3	11.5	1989-90
6. കുറ്റ്യാടി എക്സ്റ്റൻഷൻ	27-1-2001	50	75	1996
7. ബ്രഹ്മപുരം	1998-ൽ	106.6	606	1993
8. കോഴിക്കോട്	1999-ൽ	126	870	1998
9. കായംകുളം	1-3-2000	350	2094.5	സ്വകാര്യമേഖലയിൽ
10. സി.എസ്.ഇ.എസ്. (ആദ്യത്തെ യൂണിറ്റ് പരീക്ഷണാർത്ഥം ഉല്പാദനം ആരംഭിച്ചു)		121.5	283.5	സ്വകാര്യമേഖലയിൽ

താപനിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ ഉല്പാദന ചെലവ്

93 (318) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ബ്രഹ്മപുരം എന്നീ താപവൈദ്യുതി നിലയങ്ങളിൽ നിന്നും ഓരോ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ഇപ്പോൾ എന്ത് ചെലവുവരും ;

(ബി) ഈ ഓരോ താപനിലയങ്ങളിൽ നിന്നും 2000-2001-ൽ ഇതുവരെ എത്ര യൂണിറ്റ് വൈദ്യുതിവീതം ഉല്പാദിപ്പിച്ചിട്ടുണ്ട് ;

(സി) കായംകുളം തെർമൽ പവർസ്റ്റേഷനിൽ നിന്നും വാങ്ങുന്ന വൈദ്യുതിക്ക് ഓരോ യൂണിറ്റിന്റെയും വിലയെത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2000-2001-ൽ ഇതുവരെ കായംകുളം താപനിലയത്തിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി വാങ്ങിയിട്ടുണ്ട് ;

(ഇ) അതിന്റെ മൊത്തം വിലയെത്രയാണ് ; വൈദ്യുതി വാങ്ങിയ ഇനത്തിൽ കായംകുളം താപവൈദ്യുതി നിലയത്തിന് എന്തു തുക കൊടുക്കാനുണ്ട് ?

ഉത്തരം

(എ) ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ ബ്രഹ്മപുരം താപവൈദ്യുതി നിലയത്തിന് 3 രൂപ 43 പൈസയും കോഴിക്കോട് താപനിലയത്തിന് 3 രൂപ 27 പൈസയും ഇപ്പോഴത്തെ എൻ.എസ്.എച്ച്.എസിന്റെ വിലയനുസരിച്ച് ചെലവാകുന്നുണ്ട്.

(ബി) ബ്രഹ്മപുരം കോഴിക്കോട് വൈദ്യുതി നിലയങ്ങളിൽ നിന്നും 2001 ജനുവരി വരെ ഉല്പാദിപ്പിച്ച വൈദ്യുതി താഴെ പറയുംപ്രകാരമാണ്.

ബ്രഹ്മപുരം	-	278.207 ദശലക്ഷം യൂണിറ്റ്
കോഴിക്കോട്	-	391.8563 ദശലക്ഷം യൂണിറ്റ്

(സി) 1-4-2000 മുതൽ 31-1-2001 വരെയുള്ള കണക്കനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതിക്ക് ശരാശരി 4.41 രൂപ വില വരുന്നുണ്ട്.

(ഡി) 2000-2001 ജനുവരി വരെ കായംകുളം താപവൈദ്യുതി നിലയത്തിൽ നിന്നും 1563.26 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങിയിട്ടുണ്ട്.

(ഇ) എൻ.റ്റി.പി.സി. എല്ലാ മാസവും നൽകുന്ന ബിൽപ്രകാരം 585.49 കോടി രൂപയാണ്. ഈ വൈദ്യുതിക്ക് ആവശ്യപ്പെട്ടിട്ടുള്ളത്. ഇതുകൂടാതെ സി.ഇ.ആർ.സി. വിധിപ്രകാരവും മാറ്റിനങ്ങളിലുമായി 131.35 കോടി രൂപകൂടി ആവശ്യപ്പെട്ടിട്ടുണ്ട്. കായംകുളത്തുനിന്നും വൈദ്യുതി വാങ്ങിയവകയിൽ 512.49 കോടി രൂപയും 170 കോടി രൂപയുടെ ബോണ്ടും എൻ.റ്റി.പി.സിക്ക് നൽകിയിട്ടുണ്ട്.

വൈദ്യുതി ബോർഡ് ഉല്പാദിപ്പിച്ച ജലവൈദ്യുതി

94 (319) ശ്രീ. പി. ജെ. ഫ്രാൻസിസ് :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വൈദ്യുതി ബോർഡ് എത്ര യൂണിറ്റ് ജലവൈദ്യുതി പ്രതിദിനം ഉല്പാദിപ്പിച്ചിരുന്നു ;

(ബി) അന്ന് വൈദ്യുതി ബോർഡ് എത്ര യൂണിറ്റ് വൈദ്യുതി പ്രതിദിനം വിലയ്ക്ക് വാങ്ങിയിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly